## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:09-07-2024**

## പ്രധാനവാർത്തകൾ

1). **രാജ്യത്തിനായി മൂന്ന് മടങ്ങ് ശക്തിയിലും വേഗതയിലും പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. റഷ്യയിൽ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.**

2). **സംസ്ഥാനത്തെ കർഷക പ്രതിസന്ധി സഭ നിർത്തി വച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്കൗട്ട്. ; വിഷയം ഗൗരവത്തോടെയാണ് കാണുന്നതെന്ന് കൃഷിമന്ത്രി.**

3). **പി.എസ്.സി അംഗങ്ങളുടെ നിയമനം സംബന്ധിച്ച പരാതികളിൽ അന്വേഷണത്തിന് തയ്യാറെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

4) **ബിജെപി സംസ്ഥാന വിശാല നേതൃയോഗത്തിന് തിരുവനന്തപുരത്ത് തുടക്കം; പാർട്ടി ദേശീയ അദ്ധ്യക്ഷൻ ജെപി നഡ്ഡ സമ്മേളനത്തെ അഭിസംബോധന ചെയ്യും.**

5). **ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി- 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്.**

**************************************

RNU TVPM

**<u>പ്രധാനമന്ത്രി - റഷ്യ</u>**

രാജ്യത്തിന് വേണ്ടി മൂന്ന് മടങ്ങ് ശക്തിയിലും വേഗതയിലും പ്രവർത്തിക്കുമെന്ന പ്രതിജ്ഞതയോടെയാണ് മൂന്നാം തവണയും അധികാരത്തിൽ എത്തിയിരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മോസ്കോയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയെ മൂന്നാമത്തെ സാമ്പത്തിക ശക്തിയാക്കി മാറ്റുകയാണ് ലക്ഷ്യമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ന് നടക്കുന്ന 22-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രിയും റഷ്യൻ പ്രസിഡന്റും പങ്കെടുക്കും. മൂന്ന് ദിവസത്തെ റഷ്യ - ഓസ്ട്രിയ സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മോസ്കോയിലെത്തിയത്.

*************************************

RNU TVPM

**<u>നിയമസഭ - വാക്കൗട്ട്</u>**

സംസ്ഥാനത്ത് കർഷകർ നേരിടുന്ന പ്രതിസന്ധി സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്കൗട്ട്. പ്രതിപക്ഷത്ത് നിന്ന് കുറുക്കോളി മൊയ്തീൻ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് നയപരമായ മാറ്റം വേണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആവശ്യപ്പെട്ടു. സമഗ്ര കാർഷിക നയവും കാർഷിക പാക്കേജും ഉണ്ടാവണം എന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. ആഗോള താപനത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പ്രതിസന്ധി

ഉണ്ടായതായി മന്ത്രി പി. പ്രസാദ് മറുപടി നൽകി. വിഷയം സർക്കാർ ഗൗരവമായാണ് കാണുന്നതെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

***********************************

**<u>മുഖ്യമന്ത്രി ( ഇൻട്രോ )</u>**

ഭരണഘടനാ സ്ഥാപനമായ പി. എസ്.സി യുമായി ബന്ധപ്പെട്ട വിവാദങ്ങൾ ദൗർഭാഗ്യകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പി.എസ്.സി അംഗങ്ങളുടെ നിയമനം സംബന്ധിച്ച ഏത് അന്വേഷണത്തിനും സർക്കാർ തയ്യാറാണെന്ന്

അദ്ദേഹം നിയമസഭയിൽ അറിയിച്ചു.

(മുഖ്യമന്ത്രി വോയിസ്.......... )

എൽ ഡി ക്ലാർക്ക് പരീക്ഷയ്ക്ക് കൺഫർമേഷൻ

കൊടുക്കുന്നതിൽ പി എസ് സി യുടെ ഓൺലൈൻ പോർട്ടലിന് സാങ്കേതിക തകരാർ ഉണ്ടായിട്ടില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

RNUTVPM

***********************************

**<u>നിയമസഭ - പി രാജീവ്</u>**

സ്റ്റാറ്റർട്ടപ്പുകളുടെ കാര്യത്തിൽ കേരളം ലോകത്തിനു തന്നെ മാതൃകയാകുന്ന തരത്തിൽ വളർന്നു കൊണ്ടിരിക്കുക യാണെന്ന് മന്ത്രി പി രാജീവ്. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥ സംസ്ഥാനത്താണെന്ന് മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. സ്റ്റാർട്ടപ്പുകളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണനയും ഇളവുകളും നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേരള ബ്രാൻഡ് എന്ന പേരിൽ സംസ്ഥാനത്തിന്റെ

ബ്രാൻഡ് ആരംഭിക്കുമെന്നും ആദ്യ ഘട്ടത്തിൽ വെളിച്ചെണ്ണയും പിന്നീട് മറ്റ് ഉത്പന്നങ്ങളും പുറത്തിറക്കുമെന്നും മന്ത്രി അറിയിച്ചു.

**********************************

**<u>നിയമസഭ - പി രാജീവ് 2</u>**

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും സെപ്റ്റംബറോടെ സംരംഭക സഭകൾ ആരംഭിക്കുമെന്ന് മന്ത്രി പി. രാജീവ് നിയമസഭയിൽ പറഞ്ഞു. അതത് പഞ്ചായത്തിലെ എല്ലാ സംരംഭകരേയും പങ്കെടുപ്പിച്ച് ഗ്രാമസഭാ മാതൃകയിലാകും സംരംഭക സഭ സംഘടിപ്പിക്കുക. വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് സംരംഭക സഭ സംഘടിപ്പിക്കുന്നത്.

**********************************

**<u>നിയമസഭ - വി.എൻ വാസവൻ</u>**

നബാർഡ് റാങ്കിങ്ങിൽ സി ഗ്രേഡിലേക്ക് താഴ്ന്നത് കേരള ബാങ്കിൻറെ പ്രവർത്തനങ്ങളെ ബാധിക്കില്ലെന്ന് മന്ത്രി വി എൻ വാസവൻ. കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കിയതായും അദ്ദേഹം നിയമസഭയിൽ അറിയിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുമായി ബന്ധിപ്പിക്കുന്ന സോഫ്റ്റ് വെയറിന് അംഗീകാരം ലഭിച്ചതായും മന്ത്രി വ്യക്തമാക്കി.

**********************************

PRIU TVPM

**നിയമസഭ - കെ.എൻ ബാലഗോപാൽ**

സംസ്ഥാനത്തിൻറെ  നികുതി - നികുതി ഇതര വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. സംസ്ഥാനം ധനപ്രതിസന്ധി നേരിടുന്നു എന്നത് ഒരു വസ്തുതയാണെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് 24,000 കോടി രൂപയുടെ പാക്കേജ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതായി ധനമന്ത്രി വ്യക്തമാക്കി.

**********************************

**കേരള ഗവർണർ - ബിൽ**

തദ്ദേശ വാർഡ് വിഭജന ബില്ലിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഒപ്പുവച്ചു. ഇതുപ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഒരു വാർഡ് വീതം കൂടും. ചർച്ച കൂടാതെ പാസാക്കിയ ബില്ലിൽ ഒപ്പിടരുതെന്ന പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ ആവശ്യം നിരാകരിച്ചാണ് ഗവർണർ ബില്ലിൽ ഒപ്പുവച്ചത്. തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിനായി സംസ്ഥാന സർക്കാർ ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

RNU TVPM

**********************************

**കണ്ണൂർ- (ഇൻട്രോ)**

കണ്ണൂർ ജില്ലയിലെ കാര്യങ്കോട് പുഴയിൽ വൈറ്റ് വാട്ടർ റാഫ്റ്റിംഗിന് തുടക്കമായി. സഞ്ചാരികളിൽ ആവേശവും കൗതുകവും ഉണർത്തുകയാണ് മൂന്ന് മാസം നീണ്ടു നിൽക്കുന്ന വൈറ്റ് വാട്ടർ റാഫ്റ്റിംഗ്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട് ...

(വോയിസ്.............)

***********************************

**<u>ജെ.പി നഡ്ഡ</u>**

ബിജെപി സംസ്ഥാന വിശാല നേതൃയോഗത്തിന് തിരുവനന്തപുരത്ത് തുടക്കമായി. പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയും കേന്ദ്ര സഹമന്ത്രിയുമായ ജോർജ് കുര്യൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ബിജെപി പ്രവർത്തകർ വർഷങ്ങളായി നടത്തിയ പ്രവർത്തനങ്ങളുടെയും ത്യാഗത്തിന്റെയും വിജയമാണ് കേരളത്തിൽ ലഭിച്ച ലോക്സഭ സീറ്റെന്ന് ശ്രീ ജോർജ് കുര്യൻ പറഞ്ഞു. ബിജെപി ദേശീയ അദ്ധ്യക്ഷനും കേന്ദ്ര ആരോഗ്യമന്ത്രിയുമായ ജെപി നഡ്ഡ സമ്മേളനത്തെ അഭിസംബോധന ചെയ്യും. മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ, പാർട്ടി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, ദേശീയ നിർവാഹക സമിതി അംഗം പി.കെ കൃഷ്ണദാസ്, മുതിർന്ന നേതാക്കളായ ഒ.രാജഗോപാൽ, കുമ്മനം രാജശേഖരൻ തുടങ്ങിയവർ സംബന്ധിച്ചു.

RIU TVPM

***********************************

**<u>മഴ - സംസ്ഥാനം</u>**

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ശനിയാഴ്ച വരെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള, തമിഴ്നാട് തീരങ്ങളിൽ ശക്തമായ തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

***********************************

**കോഴിക്കോട് - അമീബിക് മസ്തിഷ്കജ്വരം**

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിൽ കഴിയുന്ന കുട്ടിയുടെ ആരോഗ്യനിലയിൽ പുരോഗതി. തിക്കോടി സ്വദേശിയായ കുട്ടിയെ ഐ.സി.യു വിൽ നിന്നും മാറ്റിയതായി ആശുപത്രി അധികൃതർ പറഞ്ഞു. പയ്യോളിയിലെ പൊതുകുളത്തിൽ കുളിച്ചതിന് പിന്നാലെ, രോഗലക്ഷണങ്ങൾ കണ്ടതിനെ തുടർന്നാണ് കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

*********************************

**വയനാട് - (ഇൻട്രോ)**

കാലാവസ്ഥ കാലം തെറ്റുമ്പോഴും നെൽകൃഷി താളം തെറ്റാതെ മുന്നോട്ട് കൊണ്ട് പോവുകയാണ് വയനാട്ടിലെ പ്രസിദ്ധ കുറിച്യ തറവാടായ എടത്തന തറവാട്. തറവാടിന് സ്വന്തമായുള്ള 16 ഏക്കറോളം വയലിൽ ഞാറ് നടീൽ ഉത്സവം നടന്നു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് ....
(വോയിസ്.................)

*********************************

**വനിതാ ക്രിക്കറ്റ്**

ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിതാ ട്വൻറി- 20 പരമ്പരയിലെ മൂന്നാമത്തെ മത്സരം ഇന്ന് നടക്കും. ചെന്നൈ ചെപ്പോക്ക് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക വിജയിക്കുകയും രണ്ടാം മത്സരം മഴ മൂലം ഉപേക്ഷിക്കുകയും ചെയ്തിരുന്നു. ഇന്നത്തെ

RNU TVPM

മത്സരം  ജയിച്ചാൽ പരമ്പര സമനിലയിൽ
ആകുമെന്ന  പ്രതീക്ഷയിലാണ് ഇന്ത്യ.

**********************************

## യൂറോ കപ്പ്

യൂറോ കപ്പ് ഫുട്ബോളിലെ ആദ്യ ഫൈനലിസ്റ്റുകളെ ഇന്നറിയാം. രാത്രി 12.30- ന് നടക്കുന്ന ആദ്യ സെമിയിൽ സ്പെയിൻ - ഫ്രാൻസിനെ നേരിടും. മറ്റന്നാൾ നടക്കുന്ന
രണ്ടാം സെമിയിൽ നെതർലൻഡ്സ് - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

**********************************

## കോപ്പ അമേരിക്ക

കോപ്പ അമേരിക്ക സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കമാകും. രാവിലെ  5.30-ന് നടക്കുന്ന ആദ്യ സെമിയിൽ അർജൻറീന - കാനഡയെ നേരിടും.  മറ്റന്നാൾ നടക്കുന്ന രണ്ടാം സെമിയിൽ  യുറുഗ്വേ-കൊളംബിയയുമായി ഏറ്റുമുട്ടും.

RNUTVPM

**********************************

## പാരീസ് ഒളിമ്പിക്ക്

പാരീസ് ഒളിമ്പിക്സിൽ  ഇന്ത്യൻ സംഘത്തെ, ഷൂട്ടിംഗ് താരം ഗഗൻ നാരംഗ് നയിക്കും. 2012- ലെ ലണ്ടൻ ഒളിമ്പിക്സിൽ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിലെ വെങ്കല മെഡൽ ജേതാവാണ് ഗഗൻ നാരംഗ്.  ബാഡ്മിൻറൺ താരം പി.വി സിന്ധുവും ടേബിൾ ടെന്നീസ് താരം എ ശരത് കമലും ഉദ്ഘാടന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തും. ഈ മാസം 26 നാണ് പാരീസ് ഒളിമ്പിക്സിന് തുടക്കമാവുക.

**********************************

## <u>കണ്ണൂർ - മാർച്ച്</u>

അങ്കണവാടി നിയമനത്തിലെ അപാകതകൾ പരിഹരിക്കണമെന്നും നിയമനത്തിൽ രാഷ്ട്രീയ ഇടപെടൽ അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസിൻ്റെ നേതൃത്വത്തിൽ കണ്ണൂർ കലക്ട്രേറ്റിലേക്ക് മാർച്ച് നടത്തി. ഡി.സി.സി. പ്രസിഡൻറ് മാർട്ടിൻ ജോർജ്ജ് മാർച്ച് ഉദ്ഘാടനം ചെയ്തു. കലക്ട്രേറ്റിന് മുന്നിലെത്തിയ മാർച്ച് പോലീസ് തടഞ്ഞു.

**********************************

## <u>കോഴിക്കോട് -കാർ കത്തി</u>

കോഴിക്കോട് താമരശ്ശേരി ചുരം റോഡിൽ കാർ കത്തി നശിച്ചു. ആളപായമില്ല. മലപ്പുറം സ്വദേശികൾ സഞ്ചരിച്ച കാറാണ് കത്തിനശിച്ചത്. 'കൽപ്പറ്റയിൽ നിന്നും ഫയർഫോഴ്സ് എത്തിയാണ് തീ അണച്ചത്.

RNI TVPM

********

*****************

**********************************